പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ദേശീയ തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള വേതന കുടിശ്ശിക

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2979

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2013-2014 സാമ്പത്തിക വർഷം തൊഴിലുറപ്പു പദ്ധതി പ്രകാരം എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉ ണ്ടായെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം 1643136 തൊഴിലാളികൾക്കാണ് തൊഴിൽ നൽകിയിട്ടുള്ളത്. ശരാശരി 56.82 തൊഴിൽദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നൽകാൻ കഴിഞ്ഞതെന്നും, ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായെന്നും വ്യക്തമാക്കുമോ; | (ബി) | 2013-14 സാമ്പത്തിക വർഷം അമ്പലപ്പുഴ മണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 10877 തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ശരാശരി കുടുംബ തൊഴിൽ ദിനങ്ങളുടെ എണ്ണം 79 ആണ്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്തവർക്ക് വേതന കുടിശ്ശിക നിലവിലുണ്ടോ; അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എന്തു തുക വീതം കുടിശ്ശികയുണ്ട്; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. MIS റിപ്പോർട്ട് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 0.46 ലക്ഷം രൂപയും പുറക്കാട് ഗ്രാമപഞ്ചായത്തിൽ 15.98 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 16.44 ലക്ഷം രൂപ വേതന കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ